# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2020 മാർച്ച് 19

# വാർത്താക്കുറിപ്പ്

## എം.ജി. പരീക്ഷകൾക്ക് മാറ്റമില്ല

മഹാത്മാ ഗാന്ധി സർവകലാശാല നടത്തുന്ന പരീക്ഷകൾക്ക് മാറ്റമില്ലെന്ന് വൈസ് ചാൻസലർ അറിയിച്ചു. മുൻ നിശ്ചയപ്രകാരം പരീക്ഷകൾ നടക്കും. 2020 മാർച്ച് 20ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ ബിരുദാനന്തര ബിരുദ സപ്ലിമെന്ററി പരീക്ഷകൾ മാത്രമാണ് മാറ്റിവച്ചിട്ടുള്ളത്. പരീക്ഷ നടത്തിപ്പിന് ആരോഗ്യവകുപ്പ് നിർദ്ദേശിച്ചിട്ടുള്ള മുൻകരുതലുകൾ കർശനമായി പാലിക്കുന്നതിന് കോളേജ് പ്രിൻസിപ്പൽമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പരീക്ഷ നടത്തിപ്പിന് സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ സംബന്ധിച്ച വിവരം യു.ജി.സി.യെ അറിയിക്കും.

(പി.ആർ.ഒ/39/426/2020)

## പരീക്ഷ ഭവനിൽ സന്ദർശകർക്ക് നിയന്ത്രണം

കൊറോണ പ്രതിരോധ നടപടികളുടെ ഭാഗമായി മഹാത്മാ ഗാന്ധി സർവകലാശാല പരീക്ഷ ഭവനിൽ സന്ദർശകർക്ക് കർശന നിയന്ത്രണം ഏർപ്പെടുത്തി. ഫിനാൻസ് ഓഫീസറെ സന്ദർശിക്കുന്നതിനും നിയന്ത്രണമുണ്ട്. റീഫണ്ടുമായി ബന്ധപ്പെട്ട അപേക്ഷകൾ fo@mgu.ac.in എന്ന ഇമെയിൽ വിലാസത്തിലേക്ക് അയയ്ക്കാം. ബാങ്ക് അക്കൗണ്ട് വിവരമടക്കമുള്ളവ അപേക്ഷയിൽ നൽകണം. സർവകലാശാലയുടെ ഓൺലൈൻ സേവനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തണം.

(പി.ആർ.ഒ/39/427/2020)

## പ്രൊജക്ട് മൂല്യനിർണയം, ഡിസർട്ടേഷൻ/വൈവാവോസി, പ്രാക്ടിക്കൽ മാറ്റി

2020 മാർച്ച് 20, 21 തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന രണ്ടാം സെമസ്റ്റർ എം.എൽ.ഐ.എസ്‌സി. (അഫിലിയേറ്റഡ് കോളേജുകളിലെ 2018 അഡ്മിഷൻ റഗുലർ/2018ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പ്രോജക്ട് മൂല്യനിർണയം, ഡിസർട്ടേഷൻ/വൈവാവോസി, പ്രാക്ടിക്കൽ എന്നിവ മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട്.

(പി.ആർ.ഒ/39/428/2020)

## പരീക്ഷഫലം

2019 ഡിസംബറിൽ സ്‌കൂൾ ഓഫ് ബയോസയൻസസിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ്‌സി. ബയോസയൻസസ് (2018-2020, സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/429/2020)

2019 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ പി.ജി.സി.എസ്.എസ്. (റഗുലർ/സപ്ലിമെന്ററി) എം.എസ്‌സി. ഇലക്ട്രോണിക്സ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ ഒന്നുവരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/430/2020)

2019 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്‌സി. പ്ലാന്റ് ബയോടെക്നോളജി (റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ രണ്ടുവരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/431/2020)

## അപേക്ഷ തീയതി നീട്ടി

മഹാത്മാ ഗാന്ധി സർവകലാശാലയിലെ യു.ജി.സി. സ്‌ട്രൈഡ് പദ്ധതിയിലേക്ക് റിസർച്ച് അസോസിയേറ്റ്, റിസർച്ച് അസിസ്റ്റന്റ് താല്ക്കാലിക നിയമനത്തിന് മാർച്ച് 25 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/432/2020)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ